# സർക്കുലർ

പ്രിയ ഫ്രാൻച്ചൈസികളെ (ഐസിഡബ്ല്യൂ),
ശുഭദിനം നേരുന്നു!!!!

ഐആർസിറ്റിസിയുടെ ഉപഭോക്താക്കളുമായി ഇടപാടുകൾ നടത്തുമ്പോൾ പലഫ്രാൻച്ചൈസികളും നിയമവിരുദ്ധവും അനീതിപരവുമായ പ്രവർത്തനങ്ങൾക്ക് നിർബന്ധിതരാവുന്നുണ്ടെന്ന് ഐആർസിറ്റിസി ഞങ്ങളെ അറിയിച്ചു. ഫ്രാൻച്ചൈസികൾ നടത്തുന്ന ചില നിയമവിരുദ്ധവും അനീതിപരവുമായ പ്രവർത്തനങ്ങൾ ഐആർസിറ്റിസി റിപ്പോർട്ട് ചെയ്തു. അവ താഴെ പറയുന്നവയാണ്:

1. ഐആർസിറ്റിസി നിർദ്ദേശിച്ചിരിക്കുന്ന ഫീസിൽ നിന്നും കൂടുതലായി ഉപഭോക്താക്കളിൽ നിന്നും ഫീസ് ഈടാക്കുന്നു,
2. യഥാർത്ഥ യാത്രാ നിരക്കിനേക്കാൾ കൂടുതൽ തുക കാണിക്കുന്നതിനായി ടിക്കറ്റിന്റെ മൂല്യം മാറ്റുകയോ തിരുത്തുകയോ ചെയ്യുന്നു,
3. ഐആർസിറ്റിസി വെബ് പോർട്ടലിൽ *www.irctc.co.in* (ബി2സി) ഒരു യാത്രക്കാരൻ എന്ന നിലയിൽ മറ്റൊരാളുടെ യൂസർ പ്രൊഫൈൽ (പേഴ്സണൽ ലോഗിൻ ഐഡി) ഉണ്ടാക്കുകയും
അവർക്കുവേണ്ടി തത്ക്കാൽ റെയിൽവേ ഇ-ടിക്കറ്റ് ബുക്കു ചെയ്യുകയും ഉപഭോക്താക്കൾക്കു വേണ്ടി മാത്രമായുള്ള  ഐആർസിറ്റിസി വെബ് പോർട്ടൽ വാണിജ്യാവശ്യങ്ങൾക്കായി ഉപയോഗിക്കുകയും ചെയ്യുന്നു
4. പേഴ്സണൽ ലോഗിൻ ഐഡി ഉണ്ടാക്കി അതുപയോഗിച്ച് ഏജന്റിന് നിയന്ത്രണം ഏർപ്പെടുത്തിയിരിക്കുന്ന സമയപരിധിയായ  രാവിലെ 8 മണി മുതൽ 9 മണി വരെയുള്ള സമയങ്ങളിൽ തത്ക്കാൽ റെയിൽവേ
ഇ-ടിക്കറ്റുകൾ ബുക്കു ചെയ്യുന്നു.
5. ഐആർസിറ്റിസി വെബ് പോർട്ടലും വെബ് സർവ്വീസും മുഖേനയുള്ള ഓട്ടോമാറ്റിക് ബുക്കിങ്ങുകൾക്കായി നിയമവിരുദ്ധമായ സോഫ്റ്റ്‌വെയർ ഉപയോഗിക്കുന്നു.
6. ടിക്കറ്റുകൾ റദ്ദുചെയ്തു കഴിഞ്ഞാൽ പണം തിരികെ
നൽകാതിരിക്കുകയോ പണം തിരികെ നൽകുവാൻ താമസം നേരിടുകയോ ചെയ്യുന്നു.
7. ആവശ്യം/ റദ്ദുചെയ്യൽ സ്ലിപ്പുകൾ പൂരിപ്പിക്കുന്നില്ല.
8. തെറ്റായ റ്റിഡിആർ ക്ലെയിമുകൾ ഫയൽ ചെയ്യുന്നു.

9. ഐആർസിറ്റിസി കാലാകാലങ്ങളായി നിർദ്ദേശിച്ചിരിക്കുന്ന ചെയ്യേണ്ടതും ചെയ്യേണ്ടതല്ലാത്തതുമായ കാര്യ ങ്ങളും മറ്റ് നിബന്ധനകളും വ്യവസ്ഥകളും നിയമാനുസൃതമായി ചെയ്യുന്നില്ല.

മുകളിൽ പറഞ്ഞിരിക്കുന്ന അഴിമതികൾ നിയമവിരുദ്ധമാണെന്നും നിങ്ങൾ തെറ്റു ചെയ്തിട്ടുണ്ടെങ്കിൽ താഴെ കൊടുത്തിരിക്കുന്ന ശിക്ഷാനടപടികളിലേക്ക് അത് നിങ്ങളെ നയിക്കുമെന്നും അറിയിക്കുന്നു.

1. സബ്-ഏജന്റ് ഐഡി സ്ഥിരമായി ഉപയോഗ ശൂന്യമാക്കുന്നു.
2. ഫീസ് കൂടുതലായി ഈടാക്കിയിട്ടുണ്ടെങ്കിൽ കൂടുതലായി ഈടാക്കിയ ഫീസിന്റെ ഇരട്ടി നൽകേണ്ടി വരുകയും
3. ഓരോ കേസിലും 20000/- രൂപ പിഴ (ഇരുപതിനായിരം രൂപ മാത്രം) ഈടാക്കുകയും ചെയ്യുന്നു.
4. അതാതു പോലീസ് സ്റ്റേഷനുകളിലോ അർഹതപ്പെട്ട നിയമ കോടതികളിലോ നിങ്ങൾക്കെതിരായി എഫ്ഐആർ ഫയൽ ചെയ്യുകയോ അല്ലെങ്കിൽ അനുയോജ്യമായ ക്രിമിനൽ നടപടികൾ സ്വീകരിക്കുകയോ ചെയ്യുന്നു. അത് ഒരു പക്ഷേ ജയിൽവാസം/ പിഴ അല്ലെങ്കിൽ ഇവ രണ്ടും ചേർന്നതോ ആയിരിക്കാം.

മുകളിൽ പറഞ്ഞിരിക്കുന്ന അഴിമതികൾ ഐസിഡബ്യൂ ചെയ്യുകയാണെങ്കിൽ, മുകളിൽ പറഞ്ഞിരിക്കുന്ന പിഴകൾ ഒന്നോ അല്ലെങ്കിൽ മുഴുവനായോ അനുഭവിക്കേണ്ടി വരും

ഇത്തരത്തിലുള്ള പ്രവർത്തികൾ ഉപേക്ഷിക്കണമെന്നും നിങ്ങളെ ശിക്ഷിക്കുന്നതിൽനിന്നും നിങ്ങളുടെ ഐഡികൾ ഉപയോഗശൂന്യമാക്കുന്നതിൽ നിന്നും ഞങ്ങളെ ഒഴിവാക്കണമെന്നും ഞങ്ങൾ അപേക്ഷിക്കുന്നു
നന്ദി
ഇന്റർആക്ടീവ് ഫിനാൻഷ്യൽ - ട്രേഡിങ് സർവ്വീസസ് പ്രൈവറ്റ് ലിമിറ്റഡിനുവേണ്ടി
തീയതി. 26/04/2011